# സ്നേഹഭൂമി

ദ്വൈമാസിക

https://www.facebook.com/snehabhumi
Email: snehabhumi99@gmail.com

5 Years ANNIVERSARY

ക്രിസ്തുമസ്
പുതുവത്സര
ആശംസകൾ



## അവിസ്മരണീയ അർജുനരാഗങ്ങൾ

സലോമി ജോൺ വത്സൻ

നഗരത്തിലെ ഏറ്റവും പഴയ ലോഡ്ജുകളിലൊന്നിലെ മുറിയിൽ വാടകയ്ക്ക് താമസിക്കുന്ന ചെറുപ്പക്കാരനോട് ചില നിഴലുകൾ സംസാരിക്കാറുണ്ടായിരുന്നു.

ആദ്യം വന്നത് ഒരു പെൺനിഴലായിരുന്നു. എന്നോ മധുരമുണ്ടായിരുന്ന ഒരു സ്വരമായിരിക്കണം ഇപ്പോൾ ചിലമ്പിച്ച ഒച്ചയിൽ അയാളോട് സംസാരിക്കാൻ തുടങ്ങിയത്.

ഞങ്ങളുടെ പ്രണയത്തിന്റെ അവസാനദിവസമായിരുന്നു അന്ന്.

നിഴൽ പറഞ്ഞു തുടങ്ങി.

അയാൾക്ക് ചോദിക്കണമെന്നുണ്ടായിരുന്നു. ഒരുമിച്ച് താമസിക്കാമായിരുന്നിട്ടും നിങ്ങളെന്തേ.

അതിനുള്ള ധൈര്യം ഞങ്ങൾക്കില്ലായിരുന്നു. എന്റെയുള്ളിൽ അവന്റെ പ്രണയം ഒരു ജീവനായി കുരുത്ത് ചോദ്യചിഹ്നമുയർത്തിയിരുന്നു. പിന്നെ ഞങ്ങളെന്തു ചെയ്യാനാണ്. ഇരു മതങ്ങളിൽപെട്ടവർ, ഇരു സാമ്പത്തിക ധ്രുവങ്ങളിൽ പെട്ടവർ. എങ്കിലും.

നിഴൽ പറഞ്ഞു നിർത്തി.

എങ്കിലും. അയാളുടെ ഉള്ളിൽ സംശയം നിറഞ്ഞു.

ജീവിച്ചിരുന്നുവെങ്കിൽ ഇപ്പോഴെന്റെ കുഞ്ഞിന് പതിനഞ്ചു വയസ്സായേനെ.

നിഴൽ നിശബ്ദമായി.

പിന്നെ കുറെ കഴിഞ്ഞു പറഞ്ഞു.

അതാ അവിടെയാണ് അവസാനമായി ഞങ്ങൾ ചേർന്നിരുന്നത്.

അയാൾ അവിടേക്ക് നോക്കി.

പുറത്തേക്ക് തുറക്കുന്ന ഒരു ജാല

# നിഴൽപ്പാടുകൾ



കവും തുറന്നാൽ വിശാലമായ ആകാശവും അവിടെ കാണാമായിരുന്നു.

അയാളപ്പോൾ ഉറക്കമുണർന്നതേ ഉണ്ടായിരുന്നുള്ളൂ.

ഒരു ചായ കുടിച്ചാലോ. അയാൾക്ക് എന്തോ അങ്ങിനെ തോന്നി.

ഏതാനും ദിവസമായി അയാളവിടെ താമസിക്കാൻ തുടങ്ങിയിട്ട്.

മറ്റുള്ളവരിൽനിന്ന് പൊതിഞ്ഞുപിടിക്കുവാനുള്ള ഒരു വസ്തുവാണ് താനെന്ന് അയാൾക്ക് തോന്നിയിരിക്കണം. അതു കൊണ്ടാവണം അയാൾ മുറിക്കു പുറത്തുവരുന്നതേ ചുരുക്കമായിരുന്നു.

ഇന്നെന്തോ അയാൾ പുറത്തേക്കിറങ്ങി.

റോഡരുകിൽ തൊട്ടുമുമ്പേ ഉണർന്നൊരു തട്ടുകടയിൽ വെള്ളമിരുന്നു തിളക്കുന്നു.

ഒരു ചായ വേണം.

ഇവിടത്തെ പുതിയ താമസക്കാരനായിരിക്കും.

ചായക്കടക്കാരന്റെ കുശലം അയാൾ കേട്ടില്ലെന്ന് നടിച്ചു.

അയാൾ ലോഡ്ജിന്റെ തിണ്ണയിൽ കിടന്ന ഒരു പത്രമെടുത്ത് മുറിയിൽ കൊണ്ടുവന്ന് വായിക്കാൻ തുടങ്ങി.

അപ്പോൾ രണ്ടാമത്തെ നിഴൽ അയാളുടെ മുന്നിലേക്ക് വന്നു.

ഞാനൊരു കവിയായിരുന്നു. നിഴൽ പറഞ്ഞു.

ആവശ്യപ്പെടാതെ തന്നെ അത് ഒരു കവിത ചൊല്ലാൻ തുടങ്ങി.

ഒരു മഞ്ഞുകണത്തെയാണാദ്യം പ്രണയിച്ചത്.

അത് വെയിലേറ്റു വറ്റിപ്പോയി.

പിന്നെയൊരു പൂവായിരുന്നു.

എത്ര വേഗമാണതു കൊഴിഞ്ഞു പോയത്.

ആകാശത്തു വെച്ച് പ്രണയിച്ച മേഘം.

ഒടുവിൽ ഞാൻ മരണത്തെ പ്രണയിച്ചു,

അതെനിക്ക് പ്രണയശൂന്യതയുടെ
അനശ്വരത നൽകി.

അത് പറഞ്ഞു നിർത്തി.

മുറിയിലെ മൗനം മുകളിൽ കറങ്ങുന്ന സീലിംഗ് ഫാനിൽത്തട്ടി ചിതറിത്തെറിച്ചു കൊണ്ടിരുന്നു.

അന്ന് ഈ ഫാനല്ല. മറ്റൊന്നായിരുന്നു.

കവി അതിലേക്ക് ചൂണ്ടി പെട്ടെന്ന് നിശബ്ദനായി.

അയാൾ കവിയോട് ചോദിച്ചു.

ഇപ്പോഴെന്തു തോന്നുന്നു.

ഓരോ മഞ്ഞുകണം വറ്റുമ്പോഴും മറ്റൊന്നു പിറക്കുന്നുണ്ട്. ഓരോ മഴക്കാറ് പെയ്തൊഴിയുമ്പോഴും മറ്റൊന്ന് എവിടേയോ ഉരുവം കൊള്ളുന്നുണ്ട്. അത് മനസ്സിലാക്കാൻ വൈകി.

ഇപ്പോൾ മനസ്സിലായോ.

അയാൾ ചോദിച്ചു.

ഇനി മനസ്സിലാക്കിയിട്ട് എന്തു കാര്യം.

നിഴൽ നിരാശയോടെ പറഞ്ഞു.

അയാൾ മുറിക്കുള്ളിലൂടെ അങ്ങുമിങ്ങും ഉലാത്താൻ തുടങ്ങി.

പുറത്ത് വെയിൽ ചൂടു പിടിക്കുന്നത് അയാൾ ജാലകത്തിലൂടെ കണ്ടു.

മുകളിലൂടെ പാറുന്ന ഏതോ പക്ഷിയുടെ നിഴൽ ജാലകപ്പടികളിൽ വന്നു വീണു. കവിയുടെ നിഴലെപ്പോഴൊ വെളിച്ചത്തിലലിഞ്ഞ് ഇല്ലാതായി.

നാലു പേരുടെ ഒരു നിഴൽകൂട്ടമായിരുന്നു അത്. ഉച്ചയൂണിനു ശേഷം ഒന്നു മയങ്ങാൻ ശ്രമിക്കുകയായിരുന്നു അയാൾ.

ഒന്ന് അച്ചൻ നിഴൽ, രണ്ട് അമ്മ പിന്നെ രണ്ട് കുട്ടികൾ അങ്ങനെയാകണം.

കുട്ടി നിഴലുകൾ മുറിയിലാകെ ഓടി നടന്ന് ഇല്ലാത്തൊരു ബലൂൺ തട്ടിക്കളിക്കാൻ തുടങ്ങി.

കുട്ടികളുടെ കോലാഹലത്തിൽ മുറിക്കകം നിറഞ്ഞു.

അപ്പോൾ അച്ഛൻ നിഴൽ അയാളോട് സംസാരിക്കാൻ തുടങ്ങി.

ഒരോട്ടക്കൈയ്യായിരുന്നു എനിക്ക്.

വരവും ചെലവും തമ്മിലെ രസക്കേട് ആദ്യമൊന്നും മനസ്സിലായില്ല.

ഒടുവിൽ മനസ്സിലായപ്പോഴൊ. അത് ഞങ്ങളെ വിഴുങ്ങാൻ മാത്രം വലുതായിരുന്നു.

ഈ മുറിയിൽ വച്ചായിരുന്നോ നിങ്ങളും..... അയാൾ ഉദ്വേഗത്തോടെ ചോദിച്ചു.

ഉം... നിഴൽ ചെറുതായൊന്നു മൂളി



ശിവദാസൻ എ.കെ.

രൂപമില്ലാതെ കളിക്കുന്ന കുട്ടികൾ കളി തുടർന്നുകൊണ്ടിരുന്നു.

എപ്പോഴൊ അമ്മ നിഴൽ ഒന്നു തേങ്ങി.

സായാഹ്നത്തിന്റെ ചിഹ്നങ്ങൾ നിരത്തി വെച്ച് ജാലകവാതിലിനപ്പുറത്ത് ആകാശം നിവർന്നു കിടന്നു.

മുറിയിലേക്ക് ഇരുട്ട് അരിച്ചെത്താൻ തുടങ്ങി. മുനിഞ്ഞു കത്തുന്ന ഇലക്ട്രിക് ബൾബിന്റെ വെളിച്ചത്തിൽ ഓരോ ചലനങ്ങളും ഭീമാകാരങ്ങളായ നിഴൽ രൂപങ്ങളായി ചുമരിൽ വന്നു വീണു.

ഞാനൊരു വാടകഗുണ്ടായായിരുന്നു. അവസാനത്തെ നിഴൽ പറഞ്ഞു.

അയാൾ അറിയാതൊന്നു നടുങ്ങി.

വാടക ഗുണ്ടയോ.

അതേ, വെട്ടാനും കൊല്ലാനുമെല്ലാം കണക്ക് പറഞ്ഞ് പണം വാങ്ങിയിരുന്ന ഒരാൾ.

എന്നിട്ടും നിങ്ങളെന്തിന്...

അയാൾ ചോദ്യം പകുതിയിലുപേക്ഷിച്ചു.

ഒരു ശൂന്യതയായിരുന്നു ഒടുക്കം.

നിങ്ങൾക്കറിയാമോ ശൂന്യതകൾക്കൊന്നും നിലനിൽപ്പില്ല.

നിഴൽ പറഞ്ഞു നിർത്തി.

നഷ്ടപ്പെട്ടുപോയ ജീവിതത്തെക്കുറിച്ചാണ് എനിക്ക് ദുഖം.

ഇരുട്ട് മൂക്കാൻ തുടങ്ങി. എപ്പോഴൊ നിഴലിന്റെ സംഭാഷണം നിലച്ചു. അന്നയാൾ സുഖമായി ഉറങ്ങി.

പിറ്റേന്ന് അയാൾ മുറിയുപേക്ഷിച്ചു പോയി. അതിനും മുമ്പ് താൻ രണ്ടു പേജുകളിലായി എഴുതികൊണ്ടു വന്നിരുന്ന ആത്മഹത്യാകുറിപ്പ് കുനുകുനെക്കീറി അയാൾ ചവറ്റുകൊട്ടയിലിട്ടിരുന്നു. ■